**2010, ഖുത്ബ 50**

بسم الله الرحمن الرحيم

**10.12.2010**
*ബൈതുൽ ഫുതൂഹ്*
**ലണ്ടൻ**

# മുഹർറം ആവശ്യപ്പെടുന്നത്

وہ تم کو حسین بناتے ہیں    اور آپ یزیدی بنتے ہیں
یہ کیا ہی سستا سودا ہے    دشمن کو تیر چلانے دو

*അവർ നിങ്ങളെ ഹുസൈൻ ആക്കിക്കൊണ്ട്*
*സ്വയം യസീദുകളായിത്തീരുന്നു.*
*ഇതെത്ര ആദായകരമായ കച്ചവടമാണ്,*
*ശത്രുക്കളെ അമ്പെയ്യാൻ അനുവദിച്ചുകൊള്ളുക.*

ഇത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ ഒരു പദ്യശകലമാണ്. ഇതിൽ ജമാഅത്തിന് ക്ഷമയും സഹനവും സ്ഥിരചിത്തതയും കൈക്കൊള്ളാൻ നിർദ്ദേശം നൽകിയിരിക്കുന്നു. ഇത് അവിടുന്ന് ജമാഅത്തിന്റെ മേൽ കഠിനതയുടെ ഘട്ടത്തിൽ 1935 ൽ എഴുതിയതാണ്. എന്നാൽ ഞാൻ ഈ സമയത്ത് ഈ വലിയ നസമിലെ വിഷയമല്ല പ്രതിപാദിക്കുന്നത്. ഈ പദ്യശകലത്തെ മാത്രം അസ്പദമാക്കിയാണ് സംസാരിക്കുന്നത്. ഇതിൽ ഇസ്‌ലാമിക ചരിത്രത്തിലെ അതീവ വേദനാജനകമായ സംഭവഗതിയാണ് വിവരിക്കുന്നത്. എന്നാൽ വേദനാജനകമായ ഈ സംഭവത്തിന്റെ ആഴം മനസ്സിലാകുന്നത് ഇത്തരത്തിൽ മർദ്ദനത്തിന്റെ ചക്കിൽ ആട്ടപ്പെടുന്നവർക്കാണ്. ഈ സംഭവത്തിൽ സഹാനുഭൂതിയും വേദനയും ദുഃഖവുമെല്ലാം എല്ലാ മുസ്‌ലിംകളും പ്രകടിപ്പിക്കാറുണ്ട്. ശിയാക്കളും എല്ലാ വർഷവും ഇതിന്റെ പ്രകടനം തങ്ങളുടെ രീതിയിൽ ചെയ്യുന്നതിൽ പരിശ്രമിക്കാറുണ്ട്. അതിൽ അവർ, ഞങ്ങളുടെ അഭിപ്രായത്തിൽ അതിന്റെ മൂർദ്ധന്യാവസ്ഥയെ പ്രാപിക്കാറുണ്ട്. ചുരുക്കത്തിൽ ഇത് അവരുടെ സ്വന്തമായ ഒരു ദുഃഖാചരണമാണ്. എന്നാൽ ഞാൻ പറഞ്ഞത്പോലെ ഇതിന്റെ വസ്തുത ശരിക്കും ഗ്രഹിക്കുവാൻ കഴിയുന്നത് ഇത്തരം പീഢനത്തിൽക്കൂടി കടന്നുപോകുന്നവർക്കാണ്. ഇന്ന് യഥാർത്ഥത്തിൽ അഹ്മദികളെക്കാൾ കൂടുതൽ ആർക്കാണ് കർബലാ സംഭവത്തിന്റെ നിജസ്ഥിതി ഗ്രഹിക്കുവാൻ കഴിയുക. അതിനാലാണ് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞത്, അവർ നിങ്ങളെ ഹുസൈൻ ആക്കി, സ്വയം യസീദുകളായിത്തീരുന്നു. ഈ രണ്ട് വിഭാഗവും ആരായിരുന്നു. ഇവർ ഇരുകൂട്ടരും കലിമ لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ ഉച്ചരിക്കുന്നവരായിരുന്നു. അല്ലെങ്കിൽ ഉച്ചരിക്കുന്നു എന്നവകാശപ്പെടുന്നവരായിരുന്നു. എന്നാൽ ഒരു കൂട്ടർ കലിമയുടെ യാഥാർത്ഥ്യം ഗ്രഹിച്ചുകൊണ്ട് മർദ്ദിതരായി, മറുവിഭാഗം കലിമയെ ആദരിക്കാതെ മർദ്ദകരായി.

ഹദ്റത്ത് ഇമാം ഹുസൈൻ (റ) നെയും അവിടുത്തെ കുടുംബാംഗങ്ങളെയും ഏതാനും സ്നേഹിതൻമാരെയും വേദനാജനകമായ രീതിയിൽ ശഹീദാക്കിയ കർബലാ സംഭവം, യഥാർത്ഥത്തിൽ ഹദ്റത്ത് ഉസ്മാൻ (റ) ന്റെ ശഹാദത്ത് സംഭവത്തിന്റെ തന്നെ ഒരു തുടർച്ചയായിരുന്നു. തഖ്‌വയിൽ കുറവ് സംഭവിക്കുമ്പോൾ, സ്വാർത്ഥതാൽപര്യങ്ങൾ സാമൂഹിക താൽപര്യങ്ങളെ അതിജയിക്കുമ്പോൾ ദീനിനേക്കാൾ ദുൻയാവിന് പ്രാമുഖ്യമേറുമ്പോൾ ഇങ്ങിനെയെല്ലാം സംഭവിക്കുന്നു. പിന്നെ മർദ്ദനവും ദ്രോഹവും അതിന്റെ പാരമ്യതയിൽ എത്തുന്നു. ദൈവനാമത്തിൽ തന്നെ ദൈവദാസരുടെ രക്തം ചിന്തപ്പെടുന്നു. കലിമ ഉച്ചരിക്കുന്നവരെ തന്നെ സർവ്വവിധ പീഢനങ്ങൾക്കും ഉപദ്രവങ്ങൾക്കും കുറിമാനമാക്കുന്നു എന്നത് എത്രമാത്രം ദൗർഭാഗ്യതയാണ്. കലിമ ഉച്ചരിക്കുന്നവർ തന്നെ കലിമ ഉച്ചരിക്കുന്നവരെ പീഢിപ്പിക്കുന്നു. ദുരിതത്തിൽ അകപ്പെടുത്തുന്നു. ഏത് വരെയെന്നാൽ കുട്ടികളുടെ രക്തം പോലും ലാഘവത്തോടെ ചിന്തുന്നു. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും നാമത്തിലും മാർഗ്ഗത്തിലും ത്യാഗം സഹിക്കുന്നവരെ പീഢനത്തിനിരയാക്കുന്നു. ഇതിനെക്കാളുപരി എന്ത് ദൗർഭാഗ്യത സംഭവിക്കാനാണ്. ഈ ഉപദ്രവമെല്ലാം അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പേരിലാണ് അഴിച്ചുവിടുന്നത്. വിശുദ്ധ ഖുർആൻ ഇത്തരത്തിലുള്ള ആളുകളുടെ ദയനീയസ്ഥിതി വിവരിച്ചുകൊണ്ട് പറയുന്നു.

وَمَنْ يَّقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهٗ جَهَنَّمُ خٰلِدًا فِيْهَا
وَغَضِبَ اللّٰهُ عَلَيْهِ وَلَعَنَهٗ وَاَعَدَّ لَهٗ عَذَابًا عَظِيْمًا ﴿٩٤﴾ (4:94)

ഇനി ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം വധിക്കുന്നതായാൽ അവനുള്ള ശിക്ഷ നരകമാണ്. അതിൽ അവൻ ദീർഘകാലം വസിക്കുന്നതാകുന്നു. അല്ലാഹു അവന്റെ നേരെ കോപിക്കുകയും അവനെ ശപിക്കുകയും ചെയ്യുന്നു.

അല്ലാഹു ഇത്തരത്തിലുള്ള ആളുകൾക്കായി കഠിനമായ നീരസത്തിന്റെ വാക്കുകളാണ് പ്രയോഗിച്ചിരിക്കുന്നത്. വെറും നരകത്തിൽ ഇടപ്പെടും എന്ന് മാത്രമല്ല. ദീർഘകാലം നരകം അവന്റെ സങ്കേതമായിരിക്കും. പിന്നീട് അല്ലാഹുവിന്റെ കോപം അവനിൽ വർഷിച്ചുകൊണ്ടിരിക്കും. അല്ലാഹുവിന്റെ ശാപത്തിന് അവൻ പാത്രമായിക്കൊണ്ടിരിക്കും. ഈ നരകം, അല്ലാഹുവിന്റെ ഈ കോപം, അല്ലാഹുവിന്റെ ഈ **ലഅ്നത്ത്** ഇത് നിസ്സാര സംഗതിയല്ല. മറിച്ച് ഒരു വലിയ ശിക്ഷയാണ്. കലിമ ഉച്ചരിക്കുന്നവനായിരിക്കെ നിരന്തരമായി അല്ലാഹുവിന്റെ കോപത്തിനും നീരസത്തിനും നരകത്തിനും പാത്രീഭൂതനായിത്തീരുക എന്നത് എത്ര വലിയ ദൗർഭാഗ്യതയാണ്. ചുരുക്കത്തിൽ ആരാണ് സ്വേച്ഛക്കും ഭൗതികതാൽപര്യത്തിനും വേണ്ടി ഇത്തരത്തിൽ പ്രവർത്തിക്കുന്നത് അയാൾ അല്ലാഹുവിന്റെ കഠിന നീരസത്തിന് പാത്രമായിത്തീരുകയാണ് ചെയ്യുന്നത്. എന്നാൽ മർദ്ദിതനാകട്ടെ اَحْيَآءٌ عِنْدَ رَبِّهِمْ يُرْزَقُوْنَ എന്ന പാരിതോഷികത്തിന് ഉടമയായിത്തീരുന്നു. അവൻ തന്റെ നാഥന്റെ പക്കൽ ജീവിച്ചിരിക്കുന്നവനാണ്. അവന് **രിസ്ഖ്** നൽകപ്പെടുകയും ചെയ്യുന്നു. ഈ രീതിയാണ് അല്ലാഹു അവരോട് അനുവർത്തിക്കുന്നത്. അപ്പോൾ അല്ലാഹുവിന്റെ അടുക്കൽ ജീവിച്ചിരിക്കുകയും അവനിൽ നിന്ന് **രിസ്ഖ്** കരഗതമാക്കുകയും ചെയ്യുന്നവർ, അവർക്ക് ഇതിനെക്കാൾ ഉപരി എന്ത് പാരിതോഷികം ലഭ്യമാകാനാണ്. ഇമാം ഹുസൈൻ, ഇമാം ഹസൻ എന്നിവരെ സംബന്ധിച്ച് നബിതിരുമേനി (സ) അരുൾ ചെയ്തത് "**അവർ സ്വർഗ്ഗത്തിൽ യുവാക്കളുടെ നേതാക്കളായിരിക്കും.**"എന്നാണ്. ഇവർ ഇരുവർക്കുമായി അവിടുന്ന് ദൈവസവിധത്തിൽ ഈ ദുആയും ചെയ്യുമായിരുന്നു."അല്ലാഹുവേ ഞാൻ ഇവരെ സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിക്കുക."അപ്പോൾ ആർ ഇത്തരത്തിൽ തിരുനബി (സ) യുടെ ദുആക്ക് അവകാശിയായിരുന്നുവോ പിന്നീട് അവർ ശഹാദത്തിന്റെ ഔന്നത്യത്തിലുമെത്തിയാൽ തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ സ്വർഗ്ഗത്തിന്റെ ഉന്നത അവസ്ഥയുടെ അവകാശിയായിത്തീരുന്നു. എന്നാൽ കൊലയാളിയാകട്ടെ തീർച്ചയായും അല്ലാഹുവിന്റെ കോപത്തിന് പാത്രമായിത്തീരുന്നു. ഈ മാസം അഥവാ മുഹർറം.

അതിന്റെ പ്രഥമ പത്തിൽ കൂടി നാം കടന്ന് പോയ്ക്കൊണ്ടിരിക്കുന്നു. ഇതിൽ 1400 വർഷങ്ങൾക്ക് മുമ്പ് 10-ാം തീയ്യതിയാണ് ദ്രോഹികൾ നബി ﷺ യുടെ ഈ പ്രിയങ്കരരെ ശഹീദാക്കിയത്. ഇതിന്റെ സംഭവങ്ങൾ കേൾക്കുമ്പോൾ രോമകൂപങ്ങൾ എഴുന്നുനിൽക്കുന്നു. ആരുടെ മേലാണ് തങ്ങൾ വാളുയർത്തുന്നത് എന്ന് ചിന്തിക്കാൻ പോലും ഈ ദ്രോഹികൾക്കായില്ല. എന്നാൽ ഞാൻ പറഞ്ഞത് പോലെ ഈമാൻ അസ്തമിക്കുമ്പോൾ പിന്നെ എല്ലാ വിവേചനങ്ങളും തിരിച്ചറിവുകളും നഷ്ടപ്പെട്ടുപോകുന്നു. എന്ന് മാത്രമല്ല. ദൈവഭയംപോലും ഇല്ലാതായിത്തീരുന്നു. ദൈവഭയമില്ലാതായിത്തീർന്നാൽ പിന്നെ ആർക്കെന്ത് സ്ഥാനമാണ് ദൈവസവിധത്തിലുള്ളത്. അവന്റെ തിരുദൂതരുടെ ദൃഷ്ടിയിൽ എന്ത് സ്ഥാനമാണുള്ളതെന്നെല്ലാം വിസ്മരിക്കുന്നു.

ഇമാം ഹുസൈന്റെ ശഹാദത്ത് എപ്രകാരമാണ് നടന്നത്. പിന്നീട് അവിടുത്തെ അനുഗ്രഹീത ദേഹത്തോട് എങ്ങനെയാണ് പെരുമാറിയത്. ഈ സംഭവങ്ങൾ കേൾക്കുമ്പോൾ ഒരു മനുഷ്യൻ ഈ ദൃഢജ്ഞാനത്തിലെത്തിച്ചേരുന്നു. അതായത് കലിമ ഉച്ചരിക്കുന്നവരായിരിക്കെതന്നെ അവർക്ക് അല്ലാഹുവിന്റെ അസ്ഥിത്വത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. നബി ﷺ മാനുഷിക മൂല്യങ്ങളെ നിലനാട്ടുവാനായാണ് ആഗതനായത്. നബി ﷺ യുദ്ധത്തിൽ അവലംബിക്കേണ്ട ചില മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ശത്രുക്കളോട്പോലും നീതിയുടെ അതിർവരമ്പുകളെ ലംഘിക്കരുതെന്ന് അല്ലാഹു വിശുദ്ധഖുർആനിൽ താക്കീത് നൽകിയിരുന്നു. ഈ ശത്രുക്കൾ ആരായിരുന്നു. നബിതിരുമേനി ﷺ യെയും ഇസ്ലാമിനെയും ഉൻമൂലനം ചെയ്യുവാൻ തുനിഞ്ഞിറങ്ങിയവരായിരുന്നു. ഇവരോട്പോലും അറബികളിൽ നിലനിന്നിരുന്ന മൃതദേഹങ്ങളോടുള്ള അനാദരവിനെതൊട്ട് വിലക്കുകയുണ്ടായി. അങ്ങ് ഇത്തരത്തിലുള്ള എല്ലാ ദൂഷ്യങ്ങളെയും വിപാടനം ചെയ്യുവാനാണ് ആഗതനായത്. ഇത് മുഖേന മാനുഷിക മൂല്യങ്ങൾ വ്യണിതമാവുന്നു. അങ്ങ് നിഷേധികളോട്പോലും പൊറുമയോടും ആർദ്രതയോടുമാണ് പെരുമാറിയിരുന്നത്. എന്നാൽ അല്ലാഹുവിന്റെ ഈ പ്രിയങ്കരനായ റസൂലിന്റെ പ്രിയങ്കരനായ പേരക്കുട്ടി, അവന് വേണ്ടി അങ്ങ് ദുആ ചെയ്യുന്നു. ''അല്ലാഹുവേ ഞാനിവരെ സ്നേഹിക്കുന്നതുപോലെ നീയും ഇവരെ സ്നേഹിക്കുക.'' പിന്നീട് പറഞ്ഞു. ''ആരാണ് ഇവരെ സ്നേഹിക്കുന്നത് എന്നെയാണ് സ്നേഹിക്കുന്നത്. ആരാണ് എന്നെ സ്നേഹിക്കുന്നത് അവർ അല്ലാഹുവിനെയാണ് സ്നേഹിക്കുന്നത്. അല്ലാഹുവിനോടുള്ള പ്രേമം കാരണമായി സ്വർഗ്ഗത്തിൽ പ്രവേശിക്കും. അനിഷ്ടം പ്രകടിപ്പിച്ചാൽ അല്ലാഹുവിന്റെ നീരസമായിരിക്കും ലഭ്യമാകുക.''

ആർക്കെങ്കിലും ആരോടെങ്കിലും അനുരക്തിയാൽ അവരുടെ ഇഷ്ടപ്പെട്ടവരെയും സ്നേഹിക്കാൻ തുടങ്ങുന്നു. ഒരു ഭാഗത്ത് പ്രേമത്തിന്റെ വാദവും മറുഭാഗത്ത് പ്രേമഭാജനത്തിന്റെ മക്കളോട് വെറുപ്പും നീരസവും ഇത് സംഭവ്യമല്ല. അത്പോലെ ആരോടെങ്കിലും സ്നേഹത്തിന്റെ വാദമുന്നയിച്ചുകൊണ്ട് അവരുടെ ജീവിതത്തിൽ അവരുടെ പ്രിയങ്കരരെ പ്രിയങ്കരരാക്കി വെക്കുക എന്നാൽ കണ്ണടഞ്ഞതിന് ശേഷം ഈ വാദമെല്ലാം വെറും വാദങ്ങളായി അവശേഷിക്കുക. എല്ലാം തന്നെ അസ്തമിക്കുക. ഇത് ഭൗതികരുടെ രീതിയായിരിക്കും. അല്ലാഹുവുമായി ബന്ധം പുലർത്തുന്നവരുടേതല്ല.

ഒരു നിവേദനത്തിൽ വരുന്നു. ഒരിക്കൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് ﵁ തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ എവിടേയോ പോകുകയായിരുന്നു. വഴിമദ്ധ്യേ അദ്ദേഹം തിരുനബി ﷺ യുടെ ഈ പ്രിയങ്കരനായ ചെറുമകനെ കുട്ടികളോടൊപ്പം കളിക്കുന്നത് കണ്ടിട്ട് എടുത്ത് തോളിലിരുത്തി. കുഞ്ഞിന് സ്നേഹം നൽകിക്കൊണ്ട് പറഞ്ഞു. ''എന്റെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തങ്ങൾക്ക് ഇവൻ വളരെ പ്രിയങ്കരനായിരുന്നു. അതിനാലാണ് ഞാനിവനെ ലാളിക്കുന്നത്.'' അപ്പോൾ ഇതാണ് കൂറിന്റെയും പ്രേമത്തിന്റെയും പ്രകടനം-രീതി. എന്നാൽ കർബലയിൽ അവിടുത്തോട് എങ്ങിനെയാണ് പെരുമാറിയത്. തിരുനബി ﷺ നിലനാട്ടിയ മൂല്യങ്ങളെ എപ്രകാരമാണ് ചവിട്ടിമെതിച്ചത്.

നിവേദനത്തിൽ വരുന്നു. ശത്രുക്കൾ വിജയം വരിച്ചപ്പോൾ ഇമാം ഹുസൈൻ ﵁ തന്റെ കുതിരയെ നദീഭാഗത്തേക്ക് തിരിച്ചു. ഒരാൾ പറഞ്ഞു. ''നദിക്കും അദ്ദേഹത്തിനുമിടയിൽ വിഘാതമായി നിൽക്കുക.'' അങ്ങിനെ അദ്ദേഹത്തിന്റെ മാർഗ്ഗം തടയപ്പെട്ടു. നദിയിലേക്ക് പോകുവാൻ സമ്മതിച്ചില്ല. അയാൾ അദ്ദേഹത്തെ അമ്പെയ്തു. അത് അദ്ദേഹത്തിന്റെ കീഴ്ത്താടിക്ക് താഴെ തറച്ചു.

നിവേദകൻ യുദ്ധ സമയത്തെക്കുറിച്ച് പറയുന്നു. അദ്ദേഹം തലപ്പാവ് കെട്ടി ധീരതയോടെ ഒരു കുതിരപ്പോരാളി അമ്പുകളിൽ നിന്നും അകന്ന് മാറി യുദ്ധം ചെയ്യുന്നത് പോലെ സധൈര്യം നടന്ന് യുദ്ധം ചെയ്തു. ഞാൻ ശഹാദത്തിന് മുമ്പായി ഇമാം ﵁ വിനെ ഇപ്രകാരം പറയുന്നതായി കേട്ടു. ''എന്നെ വധിക്കുന്നതിൽ അല്ലാഹുവിന്റെ അനിഷ്ഠം നിങ്ങളുടെ മേൽ വന്ന് ഭവിക്കുന്നത്പോലെ അല്ലാഹുവാണെ! എനിക്കുശേഷം ഒരു ദൈവദാസനെയും നിങ്ങൾ വധിക്കുകയില്ല. നിങ്ങളെ നിന്ദ്യരാക്കി അല്ലാഹു എന്റെ മേൽ കരുണ ചൊരിയും എന്നെനിക്ക് പ്രതീക്ഷയുണ്ട്. പിന്നീട് എന്റെ പ്രതികാരം നിങ്ങളോട് നിങ്ങൾ അതിശയിക്കുന്ന രീതിയിൽ അല്ലാഹു ചെയ്യുന്നതായിരിക്കും. അല്ലാഹുവാണെ! നിങ്ങൾ എന്നെ വധിച്ചാൽ അല്ലാഹു നിങ്ങൾക്കിടയിൽ യുദ്ധാവസ്ഥ സംജാതമാക്കും. നിങ്ങളുടെ രക്തം ചിന്തപ്പെടും ഏത്വരെ നിങ്ങൾക്കായി വേദനാജനകമായ ശിക്ഷ അധികരിപ്പിക്കുന്നില്ലയോ അതുവരെ അല്ലാഹു തൃപ്തനാകുകയില്ല.''

അങ്ങയെ ശഹീദാക്കിയതിന് ശേഷം കൂഫികൾ എത്തരത്തിലാണ് പ്രവർത്തിച്ചത്. അവർ ടെന്റുകൾ കൊള്ളയടിക്കാൻ തുടങ്ങി. ഏത്വരെയെന്നാൽ സ്ത്രീകളുടെ തലയിൽ നിന്നും ചാദറുകൾ പോലും വലിച്ചു മാറ്റി. സഅ്ദുബ്നുഅംർ വിളിച്ചുപറഞ്ഞു. ആരൊക്കെ തങ്ങളുടെ കുതിരകളെകൊണ്ട് ഇമാം ഹുസൈനെ ചവിട്ടിമെതിക്കും. ഇത് കേട്ട് 10 കുതിര സവാരിക്കാർ തയ്യാറായി. അവർ അങ്ങയുടെ പരിശുദ്ധ ദേഹത്തെ കുതിരകളെക്കൊണ്ട് ചവിട്ടിമെതിച്ചു. ഏതുവരെയെന്നാൽ അങ്ങയുടെ നെഞ്ചും പുറവും ഛിന്നഭിന്നമാക്കി. ഈ യുദ്ധത്തിൽ ഹദ്റത്ത് ഇമാം ഹുസൈന്റെ ശരീരത്തിൽ 45 മുറിവുകൾ അമ്പിന്റേതായുണ്ടായിരുന്നു. മറ്റൊരു നിവേദനത്തിൽ 33 മുറിവുകൾ കുന്തത്തിന്റെയും 43 മുറിവുകൾ വാളിന്റേതുമുണ്ടായിരുന്നു. അമ്പിന്റേത് ഇതിന് പുറമെയായിരുന്നു. പിന്നീട് ഈ ദ്രോഹത്തിന്റെ പാരമ്യത നോക്കുക. അങ്ങയുടെ ശിരസ്സ് അടുത്ത ദിവസം കൂഫയിലെ ഗവർണ്ണറുടെ അടുക്കലേക്ക് അയച്ചു- ശിരസ്സ് ഉടലിൽ നിന്നും വേർപെടുത്തിക്കൊണ്ട്- ഗവർണ്ണർ ഇമാം ഹുസൈന്റെ ശിരസ്സ് കൂഫയിൽ സ്ഥാപിച്ചു. പിന്നീട് യസീദിന്റെ അടുക്കലേക്ക് അയച്ചു. ഈ രീതിയാണ് അങ്ങയെ ശഹീദാക്കിയതിന് ശേഷം അവർ അവലംബിച്ചത്. ഇതിനേക്കാൾ മൃഗീയമായ എന്ത് പെരുമാറ്റമുണ്ടാകാനാണ്. അവിടുത്തെ മൃതശരീരത്തെ ചവിട്ടിമെതിച്ചു. ശിരസ്സ് ഉടലിൽ നിന്നും വേർപെടുത്തി. ഇത്തരത്തിൽ മൃതദേഹത്തോടുള്ള അനാദരവ് ഏതെങ്കിലും ഹീനനായ ശത്രു ഒരു പക്ഷെ തന്റെ ശത്രുവിനോട് ചെയ്തേക്കാം. അല്ലാതെ കലിമ ചൊല്ലുന്നവൻ, ഏതൊരു വ്യക്തിയാണ് ഉന്നതമായ മൂല്യങ്ങളെ നിലനാട്ടുവാൻ തന്റെ അനുയായികളെ വളരെ ശക്തിയായി താക്കീത് ചെയ്തത് തന്നെ ആ റസൂലുമായി ബന്ധപ്പെടുത്തുന്നവൻ, അയാൾ ഇത്തരത്തിൽ പ്രവർത്തിക്കുകയില്ല. തീർച്ചയായും ഇതിൽ നിന്നും മനസ്സിലാകുന്നത് അവർ യഥാർത്ഥത്തിൽ ഭൗതികജീവികളായിരുന്നുവെന്നാണ്. സ്വാർത്ഥതാൽപര്യങ്ങൾക്കായി അവർ ഏതറ്റവും വരെ പോകുമായിരുന്നു. അവർ പോയി. ദീനുമായി

അവർക്ക് വിദൂരബന്ധംപോലുമുണ്ടായിരുന്നില്ല. ഇവരുടെ ഇഹലോക തൽപരത കണ്ടിട്ട് തന്നെയാണ് ഇമാം ഹുസൈൻ رضي الله عنه യസീദിന് ബൈഅത്ത് ചെയ്യാൻ വിസമ്മതിച്ചത്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു.''അധർമ്മിയും ധിക്കാരിയുമായ ഒരുത്തന്റെ കയ്യിൽ ബൈഅത്ത് ചെയ്യുവാൻ ഹദ്റത്ത് ഇമാം ഹുസൈൻ ഇഷ്ടപ്പെട്ടില്ല. എന്തെന്നാൽ അതുമുഖേന ദീനിൽ നാശം ഉണ്ടാകുന്നു.'' വീണ്ടും പറഞ്ഞു.''നികൃഷ്ടനായ യസീദിന്റെ ബൈഅത്തിൽ അധികമാളുകളും ഒത്ത് ചേർന്നിരുന്നു. എന്നാൽ ഇമാം ഹുസൈനും അദ്ദേഹത്തിന്റെ ജമാഅത്തും ഇത്തരത്തിലുള്ള ഇമാമിനെ അംഗീകരിച്ചില്ല. അതിന് വെളിയിൽ നിന്നു. എന്നാൽ ബൈഅത്ത് ചെയ്യാതെതന്നെ ഇമാം ഹുസൈൻ അനുരഞ്ജനത്തിന് വേണ്ടി ശ്രമിച്ചു. മുസ്‌ലിംകളുടെ രക്തം ചിന്തുമെന്ന സന്നിഗ്ദ ഘട്ടമെത്തിയപ്പോൾ തന്റെ മിത്രങ്ങളെ തിരിച്ചയച്ചു. ഇപ്പോൾ അവസ്ഥ വേറെയായിരിക്കുന്നു, നിങ്ങൾക്ക് വേണമെങ്കിൽ പോകാവുന്നതാണ്. അദ്ദേഹത്തോടൊപ്പം തന്നെ നിലനിൽക്കുവാൻ വാശിപിടിച്ച ഏതാനും പേർ മാത്രമാണ് അദ്ദേഹത്തോടൊപ്പം നിലനിന്നത്. പത്ത്നാൽപത് ആളുകൾ മാത്രം. അതല്ലെങ്കിൽ അങ്ങയുടെ കുടുംബത്തിലെ അംഗങ്ങളായിരുന്നു. പിന്നീട് അദ്ദേഹം യസീദിന്റെ പ്രതിനിധികളോട് ഇപ്രകാരവും പറഞ്ഞു. ഞാൻ യുദ്ധം ആഗ്രഹിക്കുന്നില്ല. അല്ലാഹുവിനെ ആരാധിക്കുവാനായി എന്നെ പോകുവാൻ അനുവദിക്കുക. അതല്ലെങ്കിൽ ഇസ്‌ലാമിന് വേണ്ടി യുദ്ധം ചെയ്ത് ശഹീദാകുവാനായി എന്നെ ഏതെങ്കിലും അതിർത്തി പ്രദേശത്തേക്ക് പോകുവാൻ അനുവദിക്കുക. അതുമല്ലെങ്കിൽ എന്നെ ഇത്പോലെ യസീദിന്റെ അടുക്കലേക്ക് കൊണ്ട്പോകുക. ഒരുപക്ഷെ എന്താണ് യാഥാർത്ഥ്യമെന്ന് അദ്ദേഹത്തെ പറഞ്ഞ് മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞേക്കും. എന്നാൽ ഈ പ്രതിനിധികൾ ഒരു കാര്യവും അംഗീകരിച്ചില്ല. പിന്നീട് യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടപ്പോൾ അങ്ങയുടെ പക്കലും ധീരതയോട് അവരെ എതിരിടുക എന്നല്ലാതെ മറ്റൊരു പോംവഴിയുമില്ലായിരുന്നു. ഞാൻ ആദ്യംപറഞ്ഞത് പോലെ വെറും 70, 72 പേർ മാത്രം വരുന്ന ഒരു ചെറുസംഘം. അവർക്കെതിരിൽ വലിയ ഒരു സൈന്യമാണുണ്ടായിരുന്നത്. എത്തരത്തിൽ അവരെ എതിരിടാനാണ്.

ചുരുക്കത്തിൽ അവർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞത് പോലെ ഒരു ശരിയായ ഉദ്ദേശ്യലക്ഷത്തിന് വേണ്ടി തങ്ങളുടെ ജീവിതം ത്യാഗം ചെയ്തു. ഓരോരുത്തരായി ശഹീദാക്കപ്പെട്ടു.

പകരം ചോദിക്കുന്നതിന്റെ അല്ലാഹുവിന്റെ പ്രതികാര രീതികളും വേറിട്ടതാണ്. ഹദ്റത്ത് ഇമാം ഹുസൈൻ رضي الله عنه പറഞ്ഞിരുന്നു. അല്ലാഹു എനിക്കായി പകരം ചോദിക്കുന്നതാണ്. അല്ലാഹു പ്രതികാരം ചെയ്തു. യസീദിന് താൽക്കാലിക വിജയം ലഭ്യമായി. എന്നാൽ ഇന്ന് യസീദിനെ ആരെങ്കിലും അയാളുടെ സത്പ്രവർത്തനംമൂലം ഓർമവെക്കുന്നുണ്ടോ. ഇത്തരം രീതിയിൽ സ്മരിക്കപ്പെട്ടിരുന്നുവെങ്കിൽ മുസ്‌ലിംകൾ അവരുടെ നാമം ഇത്തരത്തിൽ വെക്കുമായിരുന്നു. എന്നാൽ ഒരാളും തങ്ങളുടെ മക്കളുടെ പേര് യസീദ് എന്ന് വെക്കുന്നില്ല. സ്മരിക്കപ്പെടുന്നുണ്ടെങ്കിൽ മസീഹ് മൗഊദ് عليه السلام പറഞ്ഞ പേരിൽ അതായത് നികൃഷ്ടനായ യസീദ്. ഇമാം ഹുസൈന് ഒരു ലക്ഷ്യമുണ്ടായിരുന്നു. അങ്ങ് ഭരണം ആഗ്രഹിച്ചിരുന്നില്ല. ഹഖ് നിലനാട്ടുവാനാണ് ആഗ്രഹിച്ചത്. അത് അദ്ദേഹം ചെയ്ത്കാണിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه ഇതിനെ വളരെ മനോഹരമായി വിശദീകരിച്ചിരിക്കുന്നു. ''ഏതൊരു അടിസ്ഥാന തത്വത്തിനുവേണ്ടിയാണ് ഇമാം ഹുസൈൻ എഴുന്നേറ്റ് നിന്നതെന്നാൽ, അതായത് ഖിലാഫത്ത് തിരഞ്ഞെടുപ്പിന്റെ ഹഖ് രാജ്യവാസികൾക്ക്, ജമാഅത്തിനാണുള്ളത്. ഏതെങ്കിലും പിതാവ് പുത്രനെ അനന്തരവകാശിയായി ഖിലാഫത്തിൽ അവരോധിക്കാവതല്ല. ഈ തത്വം ആദ്യം പരിപാവനമായിരുന്നുവോ അത്പോലെ ഇന്നും പരിപാവനമാകുന്നു. എന്ന് മാത്രമല്ല. ഇമാം ഹുസൈന്റെ ശഹാദത്ത് ഇതിനെ ഒന്ന്കൂടി പ്രകടമാക്കി.'' ചുരുക്കത്തിൽ വിജയം വരിച്ചത് ഹദ്റത്ത് ഇമാം ഹുസൈനാണ്. യസീദല്ല. പിന്നെ പ്രകൃതിയുടെ മറ്റൊരു പ്രതികാരനടപടി നോക്കുക. അതെത്ര ഭയാനകമായ പ്രതികാരമാണ്. ഇത് സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് തന്റെ ഖിലാഫത്തെ റാഷിദ എന്ന ഗ്രന്ഥത്തിൽ പരാമർശിക്കുന്നുണ്ട്.

ചരിത്രത്തിൽ എഴുതിയിരിക്കുന്നു. യസീദിന്റെ മരണശേഷം അയാളുടെ മകൻ അധികാരത്തിലേറി. അയാളുടെ നാമം പിതൃവ്യന്റെ നാമമായ മുആവിയ എന്ന് തന്നെയായിരുന്നു. ജനങ്ങളിൽ നിന്നും ബൈഅത്ത് വാങ്ങിയതിന് ശേഷം തന്റെ ഭവനത്തിലേക്ക് പോയി. നാൽപത് ദിവസംവരെ പുറത്തിറങ്ങിയില്ല. ഒരു ദിവസം പുറത്തിറങ്ങി. മിമ്പറിൽ നിന്നുകൊണ്ട് ജനങ്ങളെ ഇപ്രകാരം അഭിസംബോധന ചെയ്തു. ''ഞാൻ നിങ്ങളിൽ നിന്നും ബൈഅത്ത് വാങ്ങിയിരിക്കുന്നു. ഇത് ഞാനതിനുള്ള അവകാശിയായിട്ടല്ല. മറിച്ച് ഞാനാഗ്രഹിച്ചത് നിങ്ങളിൽ ഭിന്നിപ്പുണ്ടാകരുതെന്നാണ്. ഇന്ന് ഈ ദിവസം വരെ ഞാൻ ആലോചിച്ചുകൊണ്ടിരുന്നത് നിങ്ങളിൽ അതിനനുയോജ്യനായ ഏതെങ്കിലും വ്യക്തിയുണ്ടെങ്കിൽ ഈ ഇമാറത്ത് (നേതൃത്വം) ഞാനയാൾക്ക് കൈമാറാം എന്നാണ്. എന്നാൽ കൂലങ്കഷമായി ചിന്തിച്ചിട്ടും എനിക്ക് നിങ്ങളിൽ ആരെയും കണ്ടെത്തുവാൻ കഴിഞ്ഞില്ല. അതിനാൽ ജനങ്ങളെ നന്നായി കേൾക്കുക ഞാൻ ഈ സ്ഥാനത്തിന് അർഹനല്ല. എന്ന് മാത്രമല്ല, എന്റെ ഉപ്പയും ഉപ്പാപ്പയും ഇതിനർഹരായിരുന്നില്ല എന്നും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ പിതാവ് പദവിയിൽ ഹുസൈനേക്കാൾ വളരെ താഴ്ന്നതായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഹസൻ ഹുസൈന്റെ പിതാവിനെക്കാൾ കുറഞ്ഞ പദവിയിലുള്ള ആളായിരുന്നു. അലി رضي الله عنه തന്റെ സമയത്ത് ഖിലാഫത്തിന് അർഹനായിരുന്നു. അതിന് ശേഷം ഹസൻ ഹുസൈൻ, എന്റെ പിതാവിനേക്കാളും പിതൃവ്യനേക്കാളും ഖിലാഫത്തിന് കൂടുതൽ അവകാശികളായിരുന്നു. അതിനാൽ ഞാൻ ഈ നേതൃത്വത്തെ വിട്ടൊഴിയുന്നു.'' നോക്കുക! എത്തരത്തിലാണ് മകൻ ഇത്തരം പ്രസ്താവന നടത്തി തന്റെ പൂർവ്വികരുടെ മുഖത്ത് പ്രഹരിച്ചത്. എന്ത്കൊണ്ടെന്നാൽ ദൈവഭയമുണ്ടായിരുന്നു. തഖ്‌വയുടെ കുറച്ച് അംശമുണ്ടായിരുന്നു. ഭൗതികരുടെ വീട്ടിലും യാഥാർത്ഥ്യം അംഗീകരിക്കുന്ന നീതിമാൻമാരായ സന്താനങ്ങൾ ജനിക്കാറുണ്ട്. പിന്നീട് പറഞ്ഞു. ഇനി നിങ്ങളുടെ ഇഷ്ടം. നിങ്ങൾ ആരെയാണ് ആഗ്രഹിക്കുന്നത് അവരുടെ കൈയ്യിൽ ബൈഅത്ത് ചെയ്തുകൊള്ളുക. അദ്ദേഹത്തിന്റെ മാതാവ് മറവിന്റെ പിന്നിൽ നിന്ന്കൊണ്ട് മകന്റെ പ്രഭാഷണം ശ്രവിക്കുന്നുണ്ടായിരുന്നു. ഇത്കേട്ട് അവർ കോപത്തോടെ പ്രതികരിച്ചത് ''ബുദ്ധിഹീനൻ, നീ നിന്റെ കുലമഹിമ തകർത്തിരിക്കുന്നു.''എന്നായിരുന്നു. അദ്ദേഹം പറഞ്ഞു. ''ഞാനീ പറഞ്ഞത് തികച്ചും സത്യസന്ധമായ കാര്യങ്ങളാണ്. നിങ്ങൾ ആഗ്രഹിക്കുന്നത് എന്നെ പറഞ്ഞുകൊള്ളുക.'' ഇത് പറഞ്ഞ് അദ്ദേഹം തന്റെ ഭവനത്തിലേക്ക് പോയി. അവിടെ നിന്നും പുറത്തിറങ്ങിയില്ല. കുറച്ച് ദിവസങ്ങൾക്ക് ശേഷം അദ്ദേഹം വഫാത്തായി.

ഇത് എത്ര വലിയ സാക്ഷ്യമാണ്. യസീദിന്റെ ഖിലാഫത്തിനെ മറ്റുള്ളവർ അംഗീകരിക്കാതിരിക്കുന്നത് പോകട്ടെ. സ്വയം അയാളുടെ മകൻപോലും അതിനോട് യോജിക്കുകയുണ്ടായില്ല. മകൻ ഏതെങ്കിലും അത്യാഗ്രഹം കാരണമായി ഇപ്രകാരം ചെയ്തതായിരുന്നില്ല. അതല്ലെങ്കിൽ ഏതെങ്കിലും എതിർപ്പ് ഭയന്ന് ഇപ്രകാരം ചെയ്തതായിരുന്നില്ല. മറിച്ച് അദ്ദേഹം വളരെ അവധാനപൂർവ്വം ചിന്തിച്ചതിന് ശേഷമാണ് ഈ തീരുമാനമെടുത്തത്. അതായത് ഹ: അലി رضي الله عنه ന് തന്റെ പിതൃവ്യനേക്കാൾ കൂടുതൽ അവകാശമുണ്ടായിരുന്നുവെന്നും

ഹസൻ ഹുസൈൻ തന്റെ പിതാവിനേക്കാൾ കൂടുതൽ അവകാശികളായിരുന്നുവെന്നും. ചുരുക്കത്തിൽ മുആവിയ യസീദിനെ അവരോധിച്ചതിനെ ഒരു തിരഞ്ഞെടുപ്പ് എന്ന് പറയാൻ കഴിയുകയില്ല. അപ്പോൾ ഇതിനേക്കാൾ നിന്ദ്യതയുടെ മറ്റെന്ത് സംഗതിയുണ്ടാകാനാണ്. സന്താനങ്ങൾ തന്നെ പിതാവിന്റെ യാഥാർത്ഥ്യം വിവരിച്ച്കൊണ്ട് അധമനായിരുന്നു എന്ന് സ്ഥാപിക്കുന്നു. ചുരുക്കത്തിൽ ഇമാം ഹുസൈന്റെ ഖുർബാനി നമുക്ക് ധാരാളം പാഠങ്ങൾ പ്രദാനം ചെയ്യുന്നു. യാഥാർത്ഥ്യത്തിൽ നിന്നും മുഖം തിരിക്കാതെ തന്റെ ജീവൻ സമർപ്പിച്ചുകൊണ്ട് ലോകത്ത് ഹഖ് നിലനാട്ടി. നാമും നിരന്തരമായി ദുആ മുഖേന അല്ലാഹുവിന്റെ സഹായം തേടേണ്ടതുണ്ട്. അവൻ നമ്മെ എപ്പോഴും സിറാത്തെ മുസ്തഖീമിൽ ചരിപ്പിക്കുമാറാകട്ടെ.

ഒരു ഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഹദ്റത്ത് ഇമാം ഹുസൈനെ ഹദ്റത്ത് മസീഹുമായി സാദൃശ്യപ്പെടുത്തിപ്പരാമർശിക്കുന്നുണ്ട്. ഈ പരാമർശത്തിൽ നിന്നും മനസ്സിലാകുന്നത് ഈ സാദൃശ്യം വരാനിരിക്കുന്ന മസീഹുമായും ഉണ്ടാകും എന്നാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദിലും ഇമാം ഹുസൈന്റെ ജീവിതത്തിന്റെ സാദൃശ്യം ഉണ്ടാകും. എന്നാൽ മസീഹ് മൗഊദ് عليه السلام ന്റെ കാലത്ത് إن شاء الله അക്കാര്യങ്ങൾ ആവർത്തിക്കപ്പെടുകയില്ല. ഇത് അല്ലാഹുവിന്റെ തഖ്ദീറാകുന്നു. ഇസ്‌ലാം ബലഹീനമായിത്തീർന്ന ആ സംഗതികൾ ഇനി ആവർത്തിക്കുകയില്ല. എന്നാൽ ഈമാന് ക്ഷതമേൽക്കുന്ന കാര്യങ്ങളിൽ നിന്ന് സുരക്ഷിതരായിക്കുവാൻ ദുആയിലേക്ക് നിരന്തരം ശ്രദ്ധിച്ചുകൊണ്ടിരിക്കേണ്ടതുണ്ട്. ഞാൻ പറഞ്ഞതുപോലെ അക്കാലത്ത് സംഭവിച്ച കാര്യങ്ങൾ അല്ലാഹു മസീഹ് മൗഊദ് عليه السلام ന്റെ കാലത്ത് ആവർത്തിക്കുകയില്ല. കാരണം ഇതിൽ ഒരു ഖിലാഫത്തിന്റെ പരമ്പരയുണ്ട്. ഒരു വ്യവസ്ഥാപിതമായ സംവിധാനത്തോടുകൂടിയുള്ള ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പുണ്ട്. മസീഹ് മൗഊദ് عليه السلام ന് ശേഷം ഈ പരമ്പര നിലനാട്ടപ്പെടുന്നതാണെന്ന് തിരുനബി صلى الله عليه وسلم പ്രവചനവും ചെയ്തിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഉം ഇതിനെ വിശദീകരിച്ചിട്ടുണ്ട്. ഇത് എന്ത്കൊണ്ട് ആവർത്തിക്കപ്പെടുകയില്ല എന്ന്. ഉദാഹരണമായി മസീഹ് മൗഊദ് عليه السلام പറഞ്ഞു. "ആദ്യ ആദം സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെട്ടുവെങ്കിൽ ആദം സന്തതികൾക്ക് സ്വർഗ്ഗപ്രവേശനത്തിനുള്ള ഒരു പുതിയ സംവിധാനമൊരുക്കുന്നതിനായി എന്റെ നാമം അല്ലാഹു ആദമെന്ന് വെച്ചിരിക്കുന്നു." വീണ്ടും പറഞ്ഞു. "ആദ്യ മസീഹിനെ യഹൂദികൾ കുരിശിലേറ്റി. എന്നാൽ എന്റെ നാമം മസീഹ് എന്ന് വെച്ച്കൊണ്ട് അല്ലാഹു കുരിശുടക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു."

ചുരുക്കത്തിൽ ആദ്യപരാജയത്തെ അല്ലാഹു വിജയമായി മാറ്റിമറിക്കുന്നതാണ്. ഇമാം ഹുസൈനെ യസീദിന്റെ കുത്സിത പ്രവർത്തനം ശഹീദാക്കിയെങ്കിൽ രണ്ടാമത്തെ ഹുസൈൻ മുഖേന യസീദീ സിഫത്തുള്ളവർക്ക് അല്ലാഹു പരാജയം നൽകുന്നതാണ് إن شاء الله . നാം ഈ ഈമാനിലാണ് നിലയുറപ്പിച്ചിട്ടുള്ളത്. അപ്പോൾ നമുക്ക് മുഹർറമാസം ഏതെങ്കിലും പാഠം നൽകുന്നുവെങ്കിൽ അതിതാണ്, നാം തിരുനബി صلى الله عليه وسلم യിലും അവിടുത്തെ കുടുംബാദികളുടെ മേലും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. കാലത്തിന്റെ ഇമാമിന്റെ ഉദ്ദേശ്യപൂർത്തീകരണത്തിനായി സ്വലാത്ത്, ദുആ, ആത്മസംസ്കരണം മുഖേന പരിശ്രമിച്ച്കൊണ്ടിരിക്കുക. യസീദി സിഫത്തുള്ള ആളുകൾക്ക് മുമ്പിൽ സ്ഥിരചിത്തത പ്രകടമാക്കിക്കൊണ്ട് എല്ലായ്പ്പോഴും നിലകൊള്ളുക. സുനിശ്ചിതമായും ഈ ഘട്ടത്തിൽ യസീദ് വിജയം വരിക്കുന്നതല്ല. മറിച്ച് വിജയം ഹുസൈന് തന്നെയാണുള്ളത്. സ്ഥിരചിത്തതക്കുള്ള തൗഫീഖും അല്ലാഹുവിന്റെ സഹായം മുഖേനയാണ് ലഭ്യമാകുന്നത്. ഈ സഹായം ലഭിക്കുന്നത് ദുആ മുഖേനയാണെന്ന് പഠിപ്പിച്ചു. ക്ഷമ എന്നത് മർദ്ദനത്തെ സഹിക്കുക എന്നത് മാത്രമല്ല. സംഭവിച്ചതിൽ മൗനവലംബിക്കുക എന്നതുമല്ല. മറിച്ച് സ്ഥിരചിത്തതയോടെ സദുദ്യമങ്ങളെ മുന്നോട്ട് കൊണ്ട്പോകുക. ഏതെങ്കിലും കാര്യത്തിൽ ഭയവിഹ്വലരാകാതെ ഹഖ് പ്രഘോഷിച്ചുകൊണ്ടേയിരിക്കുക എന്നതും സബ്റാണ്. ഇമാം ഹുസൈൻ ഈ ഹഖിന്റെ പ്രഘോഷണമാതൃക നമ്മുടെ മുമ്പാകെ നിലനാട്ടിയിരിക്കുന്നു. ഇതിൽ നാമും എപ്പോഴും ഉറച്ച് നിർക്കേണ്ടതാണ്. ഇത്തരത്തിൽ നാമും ഉറച്ചുനിൽക്കുകയാണെങ്കിൽ മസീഹ് മൗഊദിനോട് ബന്ധിതമായിരിക്കുന്ന വിജയത്തിൽ നാമും പങ്കാളിയായിത്തീരുന്നതാണ്. إن شاء الله

ദുആ സ്വീകാര്യതക്ക് ദുറൂദ് അഥവാ സ്വലാത്ത് വളരെ സുപ്രധാനമായ ഒന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഉം ഇതിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ഹദീസുകളിലും ഇത് സംബന്ധമായി ധാരാളം പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇതിനെല്ലാമുപരി അല്ലാഹു വിശുദ്ധ ഖുർആനിൽ ഇതിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ആയതിനാൽ നാം പൊതുവായി സ്വലാത്തിലേക്ക് ശ്രദ്ധയൂന്നേണ്ടതുണ്ട്. ഈ മാസത്തിൽ പ്രത്യേകമായ നിലയിലും ഇതിലേക്ക് ശ്രദ്ധിക്കുക. ഇതിന് മുമ്പ് ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഇതിലേക്ക് പ്രത്യേകം നിർദ്ദേശം നൽകിയിരുന്നു. ഞാനും ഇതാവർത്തിച്ചുകൊണ്ട് ഓർമ്മപ്പെടുത്തുകയാണ്. ഈ മാസത്തിൽ സ്വലാത്ത് അധികരിപ്പിക്കുക. കർബല സംഭവത്തിലുള്ള ഏറ്റവും നല്ല വികാരപ്രകടനമായിരിക്കും ഇത്. ഉപദ്രവങ്ങളുടെപര്യവസാനത്തിനും അല്ലാഹുവിന്റെ സഹായത്തെ ആകർഷിക്കുന്നതിനും ഇതനിവാര്യമാണ്. തിരുനബി صلى الله عليه وسلم ക്കായി അയക്കപ്പെട്ട സ്വലാത്ത് അങ്ങയുടെ ആത്മീയവും ഭൗതികവുമായ മക്കളുടെ ആത്മീയ സൗഖ്യത്തിന് കാരണമായിത്തീരുന്നു. പുരോഗതിയുടെ മാർഗ്ഗങ്ങളും നമുക്ക് ഗോചരമായിത്തുടങ്ങുന്നു. തിരുനബിയുടെ പ്രിയങ്കരരോട് സ്നേഹം പ്രകടിപ്പിക്കുന്നതിനുള്ള ഏറ്റവും ഉത്തമമാർഗ്ഗവും ഇത് തന്നെയാണ്. ഇക്കാലത്ത് ഹദ്റത്ത് നബി കരീം صلى الله عليه وسلم യുടെ സത്യസന്ധനായ പ്രേമിയുടെ മിഷ്യന്റെ പൂർത്തീകരണത്തിനായി ഈ സ്വലാത്ത് അളവില്ലാത്ത അനുഗ്രഹങ്ങൾ കൊണ്ടുവരുന്നതാണ്. അല്ലാഹു നമുക്ക് ഈ ദിനങ്ങളിൽ കൂടുതൽ കൂടുതലായി സ്വലാത്ത് ചൊല്ലുന്നതിനുള്ള തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ സ്വലാത്ത് വ്യക്തിഗതമായും നമുക്ക് ബർക്കത്തിന് കാരണമായിത്തീരുന്നതാണ്.

അവസാനമായി ഞാൻ ഇമാം ഹുസൈന്റെ സ്ഥാനമാഹാത്മ്യത്തെക്കുറിച്ചുള്ള ഹദ്റത്ത് ഇമാം മഹ്ദി عليه السلام ന്റെ ഒരു ഉദ്ധരണി കേൾപ്പിക്കുകയാണ്. എല്ലാ അഹ്മദികളും ഇത് എപ്പോഴും തങ്ങളുടെ മനോമുകരത്തിൽ വെക്കേണ്ടതുണ്ട്.- എന്ത് സ്ഥാനമാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നൽകിയിരിക്കുന്നതെന്ന്-.ഏതോ അഹ്മദി ഹദ്റത്ത് ഇമാം ഹുസൈനെക്കുറിച്ച് തെറ്റായ പരാമർശം നടത്തി എന്ന് ഹദ്റത്ത് മസീഹ് മൗഊദിനെ അറിയിക്കുകയുണ്ടായി. ഇതിന് മറുപടി നൽകിക്കൊണ്ട് അവിടുന്ന് അരുൾ ചെയ്യുന്നു.

"തങ്ങളെ ഈ ജമാഅത്തുമായി ബന്ധപ്പെടുത്തി പറയുന്ന ചില പാമരൻമാർ, ഇമാംഹുസൈനെക്കുറിച്ച് ഇത്തരത്തിൽ പരാമർശിക്കുന്നു. അതായത് ഇമാം ഹുസൈൻ കാലത്തിന്റെ ഖലീഫയായ യസീദിന് ബൈഅത്ത് ചെയ്തില്ല- കുഴപ്പക്കാരനായിരുന്നു- യസീദ് സത്യത്തിലായിരുന്നു എന്ന്. **ലഅ്നത്തുല്ലാഹി അലൽ കാദിബീൻ**. എന്റെ പ്രസ്ഥാനത്തിലെ സദ്പ്രകൃതക്കാരുടെ വായിൽ നിന്നും ഇത്തരം വാക്കുകൾ പുറപ്പെടും എന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല."പറഞ്ഞു.

"ചുരുക്കത്തിൽ ഈ വിജ്ഞാപനം മുഖേന ഞാൻ എന്റെ ജമാഅത്തിനെ അറിയിച്ചുകൊള്ളുന്നു. നാം വിശ്വസിക്കുന്നത് യസീദ് ദുൻയാവിലെ മലീമസമായ ഒരു കീടമായിരുന്നു. ദ്രോഹിയായിരുന്നു എന്നാണ്.ഏതെങ്കിലും കാരണത്താൽ ആരെയെങ്കിലും നാം മുഅ്മിൻ എന്ന് പറയുന്നുവോ അത് അയാളിൽ ഉണ്ടായിരുന്നില്ല. മുഅ്മിനാകുക എളുപ്പമായ സംഗതിയല്ല.

അല്ലാഹു ഇത്തരത്തിലുള്ള ആളുകളെ സംബന്ധിച്ച് പറയുന്നത്.

قَالَتِ الْاَعْرَابُ اٰمَنَّا ۭ قُلْ لَّمْ تُؤْمِنُوْا وَلٰكِنْ قُوْلُوْٓا اَسْلَمْنَا

മുഅ്മിൻ ആരാണ്? അവരുടെ കർമ്മങ്ങൾ അവരുടെ ഈമാനെ സാക്ഷ്യപ്പെടുത്തുന്നു. അവരുടെ ഹൃദയത്തിൽ ഈമാൻ രേഖപ്പെടുത്തപ്പെടുന്നു. അവർ അല്ലാഹുവിന്റെ പ്രീതിക്ക് മറ്റെല്ലാത്തിനുമുപരി സ്ഥാനം നൽകുന്നു. തഖ്‌വയുടെ സൂക്ഷ്മവശങ്ങളെ ഉൾക്കൊണ്ട്കൊണ്ട് ആ പ്രേമത്തിൽ വിലയം പ്രാപിക്കുന്നു. ദൈവത്തിൽ നിന്നും തടഞ്ഞ്കൊണ്ടിരിക്കുന്ന എല്ലാ ബിംബങ്ങളിൽനിന്നും -അത് സ്വഭാവപരമായതാണെങ്കിലും, പ്രവർത്തനവൈകല്യങ്ങളാണെങ്കിലും, അലസതയും,മടിയുമാണെങ്കിലും എല്ലാത്തിൽ നിന്നും - തന്നെ അകറ്റി നിർത്തുന്നു. എന്നാൽ യസീദെന്ന ദുർഭഗന് ഇതെവിടെ പ്രാപ്യമായിരുന്നു. ഇഹഭോഗതൽപരത അയാളെ അന്ധനാക്കിക്കളഞ്ഞു. എന്നാൽ ഇമാം ഹുസൈൻ ﷺ പരിശുദ്ധ പ്രകൃതത്തിനുടമയായിരുന്നു. സുനിശ്ചിതമായും ദൈവം തന്റെ കരങ്ങളാൽ സംശുദ്ധീകരിക്കുന്ന വിശുദ്ധൻമാരുടെ ഗണത്തിലായിരുന്നു അദ്ദേഹം. തന്റെ പ്രേമത്തിൽ ലയിച്ച് ചേരുന്നവരിലുൾപ്പെട്ടിരുന്നു. സുനിശ്ചിതമായും അദ്ദേഹം സ്വർഗ്ഗത്തിലെ നേതാക്കൻമാരിൽപെട്ടവരാണ്. അദ്ദേഹത്തോട് അൽപംപോലും വിദ്വേഷം വെക്കുക എന്നത് ഈമാൻ നഷ്ടപ്പെടുന്നതിന് കാരണമായിത്തീരും. ഈ ഇമാമിന്റെ ദൈവസ്നേഹം, തഖ്‌വ, സ്വബ്ർ, സ്ഥൈര്യം, പരിശുദ്ധത, ഇബാദത്ത് എന്നത് നമുക്കായി സദ്മാതൃകയാണ്. നാം ഈ നിഷ്കളങ്കന് ലഭ്യമായ ഹിദായത്തിനെ അനുധാവനം ചെയ്യുന്നവരാണ്. അദ്ദേഹത്തോട് ശത്രുതയുള്ള ഹൃദയം നശിപ്പിക്കപ്പെട്ടു. പ്രവർത്തനപരമായി അദ്ദേഹത്തോട് സ്നേഹമുള്ള ഹൃദയം വിജയംവരിച്ചു. ആരാണോ അദ്ദേഹത്തിന്റെ ഈമാൻ, തഖ്‌വ, സ്ഥൈര്യം, ധൈര്യം, ദൈവപ്രേമം എന്നിവ പ്രതിബിംബമെന്നോണം സ്വീകരിക്കുന്നത് ഏത് പോലെയെന്നാൽ വൃത്തിയുള്ള ഒരു കണ്ണാടി ഒരാളുടെ രൂപത്തെ പ്രതിഫലിപ്പിക്കുന്നുവോ അയാൾ വിജയം വരിച്ചു. അദ്ദേഹത്തിന്റെ സ്ഥാനം കണ്ണുകളിൽ നിന്നും മറക്കപ്പെട്ടിരിക്കുകയാണ്. ആരാണ് അദ്ദേഹത്തിന്റെ സ്ഥാനം മനസ്സിലാക്കിയവർ. അവരിൽപെട്ടവർതന്നെയാണ് അദ്ദേഹത്തിന്റെ സ്ഥാനം മനസ്സിലാക്കിയവർ. ലോകത്തിന്റെ ദൃഷ്ടികൾക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിയുകയില്ല. എന്തെന്നാൽ അദ്ദേഹം ഈ ലോകത്തിന് വളരെ വിദൂരസ്ഥനാണ്. ഇക്കാരണത്താലാണ് ഹുസൈൻ ശഹീദക്കപ്പെട്ടത്. കാരണം അദ്ദേഹം തിരിച്ചറിയപ്പെട്ടില്ല. ലോകം എപ്പോഴാണ് അതിന്റെ കാലഘട്ടത്തിലെ സദ്‌വൃത്തനെ സ്നേഹിച്ചത്. പിന്നെ എങ്ങിനെയാണ് ഹുസൈനെ സ്നേഹിക്കുക. ചുരുക്കത്തിൽ ഇമാം ഹുസൈനെ അവമതിക്കുക എന്നത് വലിയ ദുർഭഗതയും ഈമാനികരാഹിത്യവുമായിരിക്കും. ആയതിനാൽ ആരെങ്കിലും ഇമാം ഹുസൈനേയോ മറ്റ് പരിശുദ്ധരായ ഇമാമീങ്ങളെയും നിന്ദിക്കുകയോ ഏതെങ്കിലും പരിഹാസലാഞ്ചനയോടുള്ള പദങ്ങൾ തന്റെ നാവിൽ കൊണ്ട് വരുകയോ ചെയ്യുകയാണെങ്കിൽ അയാൾ തന്റെ ഈമാനെ കൈയൊഴിയുകയാണ് ചെയ്യുന്നത്. ആരാണ് അവന്റെ പ്രിയങ്കരരുടെ ശത്രുക്കളായിത്തീരുന്നത്. പ്രതാപവാനായ അല്ലാഹു അയാളുടെ ശത്രുവായിത്തീരുന്നു. അല്ലാഹു എപ്പോഴും തന്നെ നമുക്ക് തിരുനബി ﷺ യോടും അങ്ങയുടെ കുടുംബാദികളോടുമുള്ള സ്നേഹത്തിന് തൗഫീഖ് നൽകിക്കൊണ്ടിരിക്കുമാറാകട്ടെ. സദാ സ്വലാത്ത് അയച്ചുകൊണ്ടിരിക്കുവാനുള്ള തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. അത്പോലെ പാക്കിസ്ഥാനിലും മറ്റ് ലോകത്തിന്റെ ഇതര ഭാഗങ്ങളിലും ദൈവ നാമത്തിൽ നടന്നുകൊണ്ടിരിക്കുന്ന പീഢനങ്ങൾ ഇല്ലാതായിത്തീരുന്നതിനായും ദുആ ചെയ്യുക. ഈ മാസത്തിൽ പ്രത്യേകിച്ച്, പാക്കിസ്ഥാനിലും മറ്റ് രാജ്യങ്ങളിലും സുന്നി, ശിയാ മറ്റ് ഗ്രൂപ്പുകളുടെ സംഘട്ടനങ്ങൾ നടക്കാറുണ്ട്. കൊലപാതകങ്ങൾ അരങ്ങേറുന്നു. റാലികളിൽ തീവ്രവാദ ആക്രമണങ്ങൾ അഴിച്ചുവിടുന്നു. അല്ലാഹു അതിൽ നിന്നും സുരക്ഷിതമാക്കി വെക്കട്ടെ. ശാന്തി, സമാധാനത്തോടെ ഈ മാസം എല്ലാ മുസ്‌ലിം രാജ്യങ്ങളിലും കടന്നുപോകുമാറാകട്ടെ. ഇമാം ഹുസൈന്റെ ശഹാദത്തിന്റെ സംഭവം തിരിച്ചറിയുന്നവരായി ഇവർ മാറിത്തീരട്ടെ. ഇക്കാലത്തിലെ ഇമാമിനെ അംഗീകരിക്കുന്നവരും സത്യപ്പെടുത്തുന്നവരുമായിത്തീരട്ടെ.

ഇന്ന് ഞാൻ രണ്ട് ആഫ്രിക്കൻ സഹോദരൻമാരുടേയും ഒരു ബംഗാളി മഹിളയുടേയും ജനാസ ഗായിബ് നമസ്ക്കരിപ്പിക്കുന്നതായിരിക്കും. ഒന്ന് നമ്മുടെ ആഫ്രിക്കൻ സഹോദരൻ സിംബാബ്‌വെയിലെ മഹ്ദിതപാനി സാഹിബ്. നാഷണൽ സെക്രട്ടറി തബ്‌ലീഗ് ആയിരുന്നു. നവംബർ 15 ന് അദ്ദേഹം വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ദീർഘകാലമായി നാഷണൽ സെക്രട്ടറി തബ്‌ലീഗ് ആയിരുന്നു. 1990 ൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുവാനുള്ള തൗഫീഖ് ലഭ്യമായി. അതിനുശേഷം സ്ഥിരമായി ജമാഅത്തീ പ്രവർത്തനങ്ങൾക്കായി മുൻപന്തിയിലായിരുന്നു. മസ്ജിദ് നിർമ്മാണത്തിനും മറ്റും അദ്ദേഹം സഹായത്തിനുണ്ടായിരുന്നു. ഭാര്യയും 5 ആൺകുട്ടികളും 2 പെൺ കുട്ടികളുമാണുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും വിവാഹിതരാണ്. എല്ലാ മക്കളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളാണ്. അദ്ദേഹത്തിന്റെ ഒരു മകൻ ഹുസൈൻ തപാനി സാഹിബ് സദർ ഖുദ്ദാമുൽ അഹ്മദിയ്യാ ഇൻചാർജ് ആണ്. ജനറൽ സെക്രട്ടറി കൂടിയാണ്. ഇദ്ദേഹത്തിന്റെ മരുമകൾ സദർ ലജ്നാ ഇമാഇല്ലാഹ് ആയി സേവനമനുഷ്ഠിക്കുന്നു. 60 വയസ്സായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ അൽഹാജ് അബൂബക്കർ സാഹിബിന്റെതാണ്. ഇദ്ദേഹം ഗാംബിയായിലെ ആരോഗ്യ മന്ത്രിയായിട്ടുണ്ട്. അൽഹാജ് അബൂബക്കർ സാഹിബ് ഡിസംബർ 2-ാം തീയ്യതിയാണ് വഫാത്തായത്. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ 1940 ൽ ഗാംബിയയിൽ ജനിച്ചു. 73 ൽ മോസ്കോയിൽ നിന്നും മെഡിസിനിൽ ഡിഗ്രി കരസ്ഥമാക്കി. രാജ്യത്തെ വിവിധ ഹോസ്പിറ്റലുകളിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നു. 1999 മുതൽ 2004 വരെ നുസ്രത്ത് ജഹാൻ സ്കീമിന്റെ കീഴിൽ നമ്മുടെ ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിച്ചു. ആ സമയം അദ്ദേഹം അഹ്മദിയായിരുന്നില്ല. 2004 ലാണ് ബൈഅത്തിനുള്ള തൗഫീഖ് ലഭിച്ചത്. വളരെ കൂറും ആത്മാർത്ഥതയുമുള്ള അഹ്മദിയ്യായിരുന്നു. ബൈഅത്തിന് ശേഷം ഉടനെ തന്നെ ചന്ദ വ്യവസ്ഥിതിയിൽ അംഗമായി. സ്ഥിരമായി വലിയ വലിയ തുകകൾ ദൈവമാർഗ്ഗത്തിൽ ചിലഴിച്ചു. ക്ലിനിക്ക് മുഖേന ധാരാളം സ്ത്രീകളെയും കുട്ടികളെയും സൗജന്യമായി ചികിത്സിച്ചുപോന്നു. വളരെ ആക്റ്റീവ് ആയ ദാഈ ഇലല്ലാഹ് ആയിരുന്നു. അൻസാറുല്ലാ സയീം എന്ന നിലക്കും സേവനത്തിനുള്ള ഭാഗ്യം ലഭിച്ചു. തഹജ്ജുദ് നമസ്ക്കാരത്തിലും ഖുർആൻ പാരായണത്തിലും സ്ഥായിയായ അവസ്ഥയായിരുന്നു. അഹ്മദിയായതിന്ശേഷം വലിയ ആത്മീയ പരിവർത്തനം തന്നിൽ സംജാതമായതായി വളരെ തുറന്നനിലയിൽ ഏറ്റു പറയുമായിരുന്നു. ഖിലാഫത്ത് വ്യവസ്ഥിതിയുമായി ആഴത്തിലുള്ളതും മാതൃകായോഗ്യവുമായ ബന്ധമായിരുന്നു നിലനിർത്തിയിരുന്നത്. വലിയ ആദരവോടുകൂടിയാണ് ഖുലഫാക്കളുടെ ചിത്രം വെച്ചിരുന്നത്. 2009 ൽ അദ്ദേഹം മിനിസ്റ്ററായി. അദ്ദേഹത്തിന്റെ വഫാത്തിൽ അനുശോചിച്ചുകൊണ്ട് പാർലിമെന്റിൽ മീറ്റിംങ് ചേർന്നു. സർക്കാർ ഉദ്യോഗസ്ഥരും സ്പീക്കറും എല്ലാം അദ്ദേഹത്തിന്റെ സത്യസന്ധതയും സേവനതത്പരതയും സമൂഹത്തിന് വേണ്ടിയുള്ള അർപണവും, യഥാർത്ഥ മുസ്‌ലിമായിരുന്നുവെന്നെല്ലാം അനുസ്മരിക്കുകയുണ്ടായി. വൈസ് പ്രസിഡന്റ് നമ്മുടെ ഗാംബിയ അമീർ സാഹിബിനെ പാർലിമെന്റിൽ പ്രഭാഷണത്തിനായി ക്ഷണിച്ചു. അദ്ദേഹത്തിന് 10 മിനിറ്റ് അനുവദി

ച്ചു- എന്തെങ്കിലും പറയുവാനായി. ജമാഅത്തിന്റെ ഏതെങ്കിലും അമീറിന് പാർലിമെന്റിനെ അഭിസംബോധന ചെയ്യുവാനുള്ള ഒരു പ്രഥമ അവസരം കൂടിയാണിത്. അദ്ദേഹത്തിന്റെ വഫാത്തിൽ അദ്ദേഹത്തിന്റെ ബോഡി ഹൗസ് ഓഫ് പാർലിമെന്റിൽ വെക്കുകയുണ്ടായി. അവിടെ വൈസ് പ്രസിഡന്റ്, സ്പീക്കർ, മന്ത്രിമാരും മറ്റ് പാർലിമെന്റ് അംഗങ്ങളും അദ്ദേഹത്തെ അന്ത്യദർശനം നടത്തി. സർക്കാർ ആദരവോട്കൂടി അദ്ദേഹത്തെ മറയടക്കുകയുണ്ടായി. നാഷണൽ ടി.വി.യിൽ അദ്ദേഹത്തെക്കുറിച്ചുള്ള വാർത്തയും നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരംഗം പാർലിമെന്റിലെ സ്പീച്ചിൽ തുറന്ന നിലയിൽ പ്രഖ്യാപിച്ചത്, മർഹും ഒരു ദൈവത്തെ അംഗീകരിക്കുന്ന ഒരു യഥാർത്ഥ സത്യസന്ധനായ അഹ്മദി മുസ്‌ലിമായിരുന്നു എന്നാണ്. നിർധനരായവരെ സഹായിച്ചിരുന്നു. ഗാംബിയയിൽ ഇടക്കിടക്ക് ജമാഅത്തിനെതിരിൽ എന്തെങ്കിലുമൊക്കെ അസ്വസ്ഥതകൾ പൊങ്ങിവരാറുണ്ട്. ഇദ്ദേഹം സർക്കാറിലുണ്ടായിരുന്നതുകാരണം പല പ്രയോജനങ്ങളുമുണ്ടായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന് നല്ല പകരക്കാരെ പ്രദാനം ചെയ്യുമാറാകട്ടെ. അതായത് വിശാലബന്ധമുള്ള സദ്പ്രകൃതക്കാരായ ദീനീസേവകൻമാരെ.

മൂന്നാമത്തെ ജനാസ ഇസ്സത്തുന്നിസാ സാഹിബ ബംഗ്ലാദേശിന്റേതാണ്. അബൂ അഹ്മദ് സാഹിബിന്റെ ഭാര്യയായിരുന്നു. നമ്മുടെ മുബല്ലിഗ് സിൽസിലാ, മുറബ്ബി സിൽസില, ബംഗ്ലാ ഡെസ്കിന്റെ ഇൻചാർജ് ആയ ഫിറോസ് ആലം സാഹിബിന്റെ മാതാവാണ്. നവംബർ 17 ന് ഏകദേശം 85 വയസ്സിൽ വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ. 1975 ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അഞ്ച് നേര നമസ്ക്കാരം, തഹജ്ജുദ് നമസ്ക്കാരം എന്നിവ കൃത്യമായി അനുഷ്ഠിച്ചിരുന്നു. ആരാധനാ കർമ്മങ്ങളിൽ പരിശുദ്ധിക്ക് പ്രത്യേകം പ്രാമുഖ്യം നൽകിയിരുന്നു. എല്ലാ നമസ്ക്കാരത്തിനും മുമ്പായി വസ്ത്രം മാറി നമസ്ക്കരിക്കുമായിരുന്നു. ഗ്രാമത്തിൽ പൊതുവെ ആളുകൾ നിരക്ഷരരാണ്. ഇവരും ഗ്രാമവാസിയായിരുന്നു. എന്നാൽ ഇവർ തന്റെ മക്കളുടെ തഅ്ലീം തർബ്ബിയ്യത്തിൽ സവിശേഷ ശ്രദ്ധ ചെലുത്തി. ദരിദ്രയായിരിക്കെ തന്റെ കുടുംബത്തിലെ മറ്റ് ദരിദ്രരെ പ്രത്യേകം പരിഗണിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് عليه السلام നോടും ഖിലാഫത്തിനോടും പ്രത്യേക അനുരക്തി തന്നെയുണ്ടായിരുന്നു. എതിരാളികൾ ജമാഅത്തിനെ എതിർത്തുകൊണ്ട് സംസാരിക്കുമ്പോൾ മറുപടി നൽകിയിരുന്നത്, "എനിക്ക് മനസ്സിലാകുന്നില്ല നിങ്ങൾ ഏത് നിഅ്മത്തിനെയാണ് നിഷേധിച്ചുകൊണ്ടിരിക്കുന്നത് "എന്നായിരുന്നു. മർഹൂമ മൂസിയ ആയിരുന്നു. 3 ആൺകുട്ടികളും 5 പെൺകുട്ടികളുമാണുള്ളത്. ഞാൻ പറഞ്ഞതുപോലെ ഫിറോസ് ആലം സാഹിബ് അവരുടെ ഒരു മകനാണ്. ഇവിടെ ലണ്ടനിൽ തന്നെയാണുള്ളത്. അല്ലാഹു മർഹൂമയുടെ പദവികൾ ഉയർത്തുമാറാകട്ടെ. സന്തപ്ത കുടുംബാംഗങ്ങൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

# PRINTED BOOKS

**To**

**From**

**Incharge Khutba Section**

**Ahmadiyya Mission House**

**K.N.Road Karapparamba Calicut -10**


**വിവർത്തനം**

**പി.കെ. മുഹമ്മദ് ശരീഫ്**

മുബല്ലിഗ് എറണാകുളം.

KHUTBA:

**HADHRAT MIRZA MASROOR AHMAD**

**KHALIFATUL MASIH - V**

**on 10 - 12 - 2010 at**

**London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode

Published by : **Majlis Khuddamul Ahmadiyya, Kerala**